പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6612
09.11.2016 ലെ മറുപടിക്ക്.

## എം.ജി.പി യുടെ നടത്തിപ്പിലെ ക്രമക്കേടുകൾ

| ചോദ്യം: ശ്രീ.കെ.വി. വിജയദാസ്<br>" ജെയിംസ് മാത്യു<br>" സി.കെ ഹരീന്ദ്രൻ,<br>" എ.എൻ. ഷംസീർ. | | ഉത്തരം: ശ്രീ. റ്റി. എം. തോമസ് ഐസക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | മുൻ മുഖ്യമന്ത്രി എ.കെ ആന്റണിയുടെ കാലത്ത് ആരംഭിച്ച എം.ജി.പിയുടെ (Modernization in Government Programme) നടത്തിപ്പിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ഭരണനവീകരണ പരിപാടി സംബന്ധിച്ച് 2014-16 വർഷത്തെ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ 16-ാമത് റിപ്പോർട്ടിലെ 58-ാം ഖണ്ഡികയിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരിപാടിയുടെ നടത്തിപ്പിലെ വീഴ്ചകൾ സംബന്ധിച്ച് നിയമസഭയിൽ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നടപ്പിലാക്കിയ ഈ പരിപാടിയുടെ തുകയുടെ വിനിയോഗം സംബന്ധിച്ച കണക്കുകൾ ബന്ധപ്പെട്ട വകുപ്പുകളുടെ ആഭ്യന്തര പരിശോധനകളിലും അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനകളിലും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ വിഷയം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ വിശദാംശം നൽകുമോ; | |
| (സി) | പ്രസ്തുത വിഷയം പരിശോധിച്ച് കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമോ? | ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തുന്ന അപാകതകളിന്മേൽ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചും ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കിയും അവ പരിഹരിക്കുന്നതിനുള്ള യുക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ